# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി5/957/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 26/07/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/കെഎൻആർ/സി5/957/22 തീയ്യതി: 26/07/2022

## കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-03-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 23-06-2022 | 29-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-06-2022 | 29-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ -ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീ.പ്രദീപ് കുമാർ.എം - ഓഡിറ്റ് ഓഫീസർ
ശ്രീമതി.വിപിന വത്സരാജ് -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുമതി.ടി.ഒ -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ശ്രീജ.കെ -സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.നാരായണൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി.എ.വി.സുശീല | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ഷംസുദ്ദീൻ.കെ.ബി | സെക്രട്ടറി | 01-04-2020 | 01-07-2020 |
| ശ്രീ.പ്രകാശൻ.കെ.വി | സെക്രട്ടറി | 02-07-2020 | 01-03-2021 |
| ശ്രീ.മനോജ് കുമാർ.എ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-03-2021 | 06-03-2021 |
| ശ്രീമതി.ബിന്ദു.പി.എം | സെക്രട്ടറി | 07-03-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രസന്നൻ.യു | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.സജി.കെ.എൻ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.ഇ.വി.സുധീർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി.രാജശ്രീ.സി.ടി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.പ്രശോഭ്.എൻ.ബി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.എ.പത്മജ | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീ.മനോജ് കുമാർ.എ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.ടി.ആർ.രാജേഷ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ഡോ.ഷാഹിന ബായി | മെഡിക്കൽ ഓഫീസർ(സി എച്ച് സി) | 01-04-2020 | 16-02-2021 |
| ഡോ.അനീഷ് ബാബു.ടി | മെഡിക്കൽ ഓഫീസർ(സി എച്ച് സി) | 17-02-2021 | 31-03-2021 |
| ശ്രീമതി.അമ്പിളി.എൻ.എസ് | ക്ഷീര വികസന ഓഫീസർ | 01-04-2020 | 08-06-2020 |
| ശ്രീ.ടിങ്കിൾ മാത്യൂ | ക്ഷീര വികസന ഓഫീസർ | 09-06-2020 | 27-01-2021 |
| ശ്രീമതി.ദിവ്യ വത്സൻ | ക്ഷീര വികസന ഓഫീസർ | 28-01-2021 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി .ബബിത.കെ | വി ഇ ഒ ( പാപ്പിനിശ്ശേരി ഈസ്റ്റ് സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീമതി.അനുശ്രീ സദാനന്ദൻ | വി ഇ ഒ ( പാപ്പിനിശ്ശേരി വെസ്റ്റ് സർക്കിൾ) | 01-04-2020 | 31-03-2021 |

ശ്രീ.പ്രകാശൻ.കെ.വി (സെക്രട്ടറി), ശ്രീ.പ്രസന്നൻ.യു (കൃഷി ഓഫീസർ), ശ്രീ. പ്രശോഭ്.എൻ.ബി (അസി. എഞ്ചിനീയർ) എന്നീ ഉദ്യോഗസ്ഥരെ 12.11.2020 മുതൽ 29.12.2020 വരെ ഭരണ നിർവ്വഹണ കമ്മിറ്റി അംഗങ്ങളായി ചുമതലപ്പെടുത്തിയിട്ടുണ്ട്. 21.12.2020ന് പുതിയ ഭരണസമിതി നിലവിൽ വന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 28-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lathavani (Audit Officer, On 28-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Pradeep Kumar M (Audit Officer, On 30-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 28-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Pradeep Kumar M (Audit Officer, On 30-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Lathavani (Audit Officer, On 28-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Pradeep Kumar M (Audit Officer, On 30-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Lathavani (Audit Officer, On 28-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-7 |
| 9 | മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യൽ - പൂർണ്ണത ഉറപ്പ് വരുത്തേണ്ടതാണ്<br>Written By: Lathavani (Audit Officer, On 30-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-7-1 |
| 10 | സർവ്വീസ് പെൻഷനർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷ പെൻഷൻ തിരിച്ചടക്കാത്തത്<br>Written By: Lathavani (Audit Officer, On 30-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-7-2 |
| 11 | ക്യാഷ് പരിശോധന<br>Written By: Sreeja.K (Auditor, On 30-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathavani (Audit Officer, On 28-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-9 |
| 13 | ഗ്രാമ സഭ<br>Written By: Lathavani (Audit Officer, On 28-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-10 |
| 14 | വസ്തു നികുതി - ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.<br>Written By: Sreeja.K (Auditor, On 30-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-11 |
| 15 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sreeja.K (Auditor, On 30-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-12 |
| 16 | കാലാഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ | 1-13 |

| | | |
|---|---|---|
| | കുട്ടിയില്ല<br>Written By: Sreeja.K (Auditor, On 30-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | |
| 17 | ഇ ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Pradeep Kumar M (Audit Officer, On 30-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-14 |
| 18 | ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 29-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-15 |
| 19 | തെരുവ് വിളക്കുകൾക്കാവശ്യമായ സോളാർ വൈദ്യുത പ്ലാന്റ് സ്ഥാപിക്കൽ - പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതാണ്<br>Written By: Sumathi.T.O (Auditor, On 29-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-16 |
| 20 | തെരുവ് വിളക്ക് റിപ്പയർ - പ്രൊജക്റ്റ് നടത്തിപ്പിലെ അപാകത ₹249850യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 29-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-17 |
| 21 | ജലജീവൻ മിഷന് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 29-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-18 |
| 22 | ടാർ വീപ്പയുടെ വില അതാത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.<br>Written By: Pradeep Kumar M (Audit Officer, On 30-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-19 |
| 23 | ബയോഫ്ലോക് പദ്ധതി-ചെലവ് രേഖകൾ ലഭ്യമല്ല ₹77684 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vipina Valsaraj (Senior Grade Auditor, On 30-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-20 |
| 24 | അങ്കണവാടികൾ അവലോകനം<br>Written By: Vipina Valsaraj (Senior Grade Auditor, On 01-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-21 |
| 25 | മഴക്കാല പൂർവ്വ ശുചീകരണം - മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല<br>Written By: Sumathi.T.O (Auditor, On 29-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-22 |
| 26 | തുല്യതാ പദ്ധതി- തുടർ നടപടി വിലയിരുത്തേണ്ടതാണ്<br>Written By: Lathavani (Audit Officer, On 27-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-23 |
| 27 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികം തുക നൽകിയത് - 20,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Lathavani (Audit Officer, On 29-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-24 |
| 28 | ക്യാഷ് ബുക്കിൽ വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Lathavani (Audit Officer, On 30-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-25 |
| 29 | ദുരന്തനിവാരണ പ്രവർത്തനങ്ങൾ<br>Written By: Lathavani (Audit Officer, On 30-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-26 |
| 30 | ആസ്തി പരിപാലനം<br>Written By: Pradeep Kumar M (Audit Officer, On 30-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-27 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 28-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 28-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 28-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 28-06-2022)<br>Last Updated By: Lathavani (Audit Officer, On 28-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Lathavani (Audit Officer, On 28-06-2022)<br>Last Updated By: Lathavani (Audit Officer, On 28-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Lathavani (Audit Officer, On 28-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Lathavani (Audit Officer, On 28-06-2022)<br>Last Updated By: Lathavani (Audit Officer, On 28-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lathavani (Audit Officer, On 20-07-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Lathavani (Audit Officer, On 28-06-2022)<br>Last Updated By: Lathavani (Audit Officer, On 28-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 30-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lathavani (Audit Officer, On 28-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ഭരണസമിതിയുടെ 7.3.20 ലെ 63/20 നമ്പർ തീരുമാന പ്രകാരം ബജറ്റും ,16.2.21 ലെ 14/2021 നമ്പർ തീരുമാന പ്രകാരം റിവൈസ്ഡ് ബജറ്റും അംഗീകരിച്ചു

| ബജറ്റ് | | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 2,09,09,092.27 | 3,98,70,302.27 |
| വരവ് | 23,31,09,097 | 20,92,24,115.00 |
| ആകെ | 25,40,18,189.27 | 24,90,94,417.27 |
| ചെലവ് | 24,98,45,597 | 21,73,54,791.00 |
| നീക്കിയിരിപ്പ് | 41,72,592.27 | 3,17,39,626.27 |

## 1-2 വാർഷിക ധനകാര്യ പത്രിക

പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 22/7/2021 ലെ 107/2021നമ്പർ ഭരണസമിതി തീരുമാന പ്രകാരം വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 31.07.2021 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1) ബാലൻസ് ഷീറ്റിലെ B-1 ഷെഡ്യൂൾ പ്രകാരം പഞ്ചായത്ത് ഫണ്ട് നെഗറ്റീവ് ആണ്. പഞ്ചായത്ത് ഫണ്ട് നെഗറ്റീവ് ആവാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

2) ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂളിൽ 350110199 Other Employees Liabilities Payable എന്ന ഹെഡ് കോഡിൽ 7920093 രൂപ ലയബിലിറ്റിയായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക ഏതിനത്തിലെ തുകയാണെന്ന് വിവരം ലഭ്യമാക്കിയിട്ടില്ല.

3) ബാലൻസ് ഷീറ്റിലെ B-11(b) ഷെഡ്യൂളിൽ 412010101 Capital Work In Progress എന്ന ഹെഡ് കോഡിൽ 11763772 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4) ബാലൻസ് ഷീറ്റിലെ B-4ഷെഡ്യൂൾ പ്രകാരം ടി.എസ്.സി ഇനത്തിൽ ₹476353 യും (ഹെഡ് കോഡ് 320100181) ₹2186 യും(ഹെഡ് കോഡ് 320100182) ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ഈ രണ്ട് ഹെഡ് കോഡിലേയും കൂടി ബാധ്യത 2097257 രൂപയാണ്. ഈ ഇനത്തിലെ ചെലവ് ബാധ്യതയിൽ നിന്നും കുറവ് വരുത്തിയിട്ടില്ല.

5) ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂളിൽ 320100105 Awards And Honours-Central Government എന്ന ഹെഡ് കോഡിൽ 2000000 രൂപ ലയബിലിറ്റിയായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഫണ്ടിൽ നിന്ന് 2020-21 വർഷം അരോളി സ്കൂൾ അംഗൻവാടി നിർമ്മാണം (പ്രോജക്റ്റ് നം-42/21) എന്ന പ്രോജക്റ്റ് പ്രകാരം 343823 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ബാധ്യതയിൽ നിന്നും കുറവ് വരുത്തിയിട്ടില്ല.

6) ഐ.സി.ഡി.എസ് ഇനത്തിൽ 2020-21 വർഷം ലഭിച്ച 9986952 രൂപ 320100196 എന്ന ഹെഡ് കോഡിൽ അക്കൗണ്ട് ചെയ്യേണ്ടതിന് പകരം 32030019 എന്ന ഹെഡ് കോഡിലാണ് അക്കൗണ്ട് ചെയ്തത്. ഈ ഇനത്തിൽ786962 രൂപ ചെലവുണ്ടെങ്കിലും ഈ തുക ബാധ്യതയിൽ നിന്നും കുറവ് വരുത്തിയിട്ടില്ല.

7) ലൈബ്രറി ഗ്രാന്റ് ഇനത്തിൽ 38,700 രൂപ വരവും 30850 രൂപ ചെലവും ഉണ്ട്. എന്നാൽ ഈ ഇനത്തിലെ വരവും ചെലവും പ്രസ്തുത ഹെഡുകളിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

8) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62(2) പ്രകാരമുള്ള വാർഷികകണക്കിലെ അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

9) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

10) വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

11) B-11 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

12) ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഓരോ ഇനങ്ങളുടേയും സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

13) അഡ്വാൻസ് രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

14) സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റിലെ വസ്തു നികുതി (കറന്റ്) ഇനത്തിലെ ഡിമാന്റ്, കലക്ഷൻ എന്നിവ വാർഷികധനകാര്യ പത്രികയിലെ ഈ ഇനത്തിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തു നികുതി (കറന്റ്) ഡിമാന്റ് 6502291 രൂപയും കലക്ഷൻ 6246950 രൂപയുമാണ് എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ( I-1 ഷെഡ്യൂൾ) വസ്തു നികുതി (കറന്റ്) ഡിമാന്റ് 6558193 രൂപയും കലക്ഷൻ (RP-45 ഷെഡ്യൂൾ) 6972062 രൂപയുമാണ്. വ്യത്യാസത്തിനുള്ള കാരണം വിശദീകരിച്ചിട്ടില്ല.

15) ഗ്രാമ പഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2020-21 മാർച്ച് മാസത്തെ ജനപ്രതിനിധികളുടെ ഓണറേറിയം തുടങ്ങിയ മറ്റു ബാധ്യതകൾക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

16) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ക്ലോസിങ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

17) സാംഖ്യയിൽ നിന്ന് ഡാറ്റാ ILGMS ലേക്ക് ട്രാൻസ്ഫർ ചെയ്തപ്പോൾ ആകെ ആസ്തി-ബാധ്യതകളിൽ വ്യത്യാസം വന്നതായി കാണുന്നു. സാംഖ്യ പ്രകാരം ആകെ ആസ്തിയും ബാധ്യതയും 107902258.27 രൂപയും ILGMS പ്രകാരം 01-10-2020ലെ ആസ്തി-ബാധ്യതകൾ 108597873 രൂപയുമാണ്. വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

18) സാംഖ്യയിൽ നിന്ന് ഡാറ്റാ ILGMS ലേക്ക് ട്രാൻസ്ഫർ ചെയ്യുമ്പോൾ താഴെ പറയുന്ന ശീർഷകങ്ങളിൽ രേഖപ്പെടുത്തിയ തുകകളിൽ വ്യത്യാസം വന്നിട്ടുണ്ട്.

| ക്രമ നമ്പർ | ഷെഡ്യൂൾ (സാംഖ്യ | കോഡ് (സാംഖ്യ) | സാംഖ്യ പ്രകാരമുള്ള തുക | ILGMS പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | B-1 | 3100000000 | 4926704.82 | 36521283 |
| 2 | B-3 | 3120000000 | 49900992 | 50474880 |
| 3 | B-4 | 320000000 | 6076373 | 5199348 |
| 4 | B-9 | 350000000 | 1132425 | 14872599 |
| 5 | B-11 | 410000000 | 92654765 | 6507652 |
| 6 | B-15 | 431000000 | 5864632 | 0 |
| 7 | B-18 | 460000000 | 1673050 | 1686750 |

വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

19) ഓഡിറ്റിനു സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയിലെ റെസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ILGMSൽ ഉൾപ്പെടുത്തിയ റെസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 3,98,70,302.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 12,33,62,977.00 |
| ആകെ | 16,32,33,279.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 11,66,40,672.00 |
| നീക്കിയിരിപ്പ് | 4,65,92,607.00 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,47,534 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 14506875 | 14506875 | 14506875 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 8232054 | 8232054 | 8203500 | 28554 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 152000 | 152000 | 152000 | 0 * |
| മെയിന്റനൻസ്, റോഡ് | 0 | 5907000 | 5907000 | 5907000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4806000 | 4806000 | 4806000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്. ബേസിക് ഗ്രാന്റ്) | 0 | 9948225 | 9948225 | 9948225 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്. (പെർഫോമൻസ് ഗ്രാന്റ്) | 0 | 5650000 | 565000 | 5650000 | 0 |

| | | | | | |
|---|---|---|---|---|---|
| ദേശീയ അവാർഡ് തുക -കേന്ദ്ര സർക്കാർ | 0 | 2000000 | 2000000 | 343823 | 1656177 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 0 | 16693010 | 16693010 | 16649940 | 43070 |
| നാഷണൽ ഹെൽത്ത് മിഷൻ | 100000 | 0 | 100000 | 0 | 100000 |
| എസ്.എസ്.എ | 35385 | 0 | 35385 | 0 | 35385 |
| ടി.എസ്.സി | 478539 | 3258868 | 3737407 | 1640150 | 2097257 |
| വിമുക്തി | 13422 | 0 | 13422 | 0 | 13422 |
| ലൈബ്രറി ഗ്രാന്റ് | 8000 | 38700 | 46700 | 30850 | 15850 |
| ഐ.സി.ഡി.എസ് | 527 | 984541 | 985068 | 786962 | 198106 |
| അംഗൻവാടിക്ക് നെയിംബോർഡ് | 33000 | 0 | 33000 | 0 | 33000 |
| സി.എഫ്.സി ടൈഡ് ഫണ്ട്, കണ്ണൂർ കോർപ്പറേഷൻ | 0 | 2500000 | 2500000 | 0 | 2500000 |

*ഗുണഭോക്താക്കളില്ലാത്തതിനാൽ വികസന ഫണ്ട്-ടി.എസ്.പി. ഇനത്തിൽ ലഭിച്ച തുക തിരിച്ചടച്ചു. തിരിച്ചടച്ച തുകയാണ് ചെലവായി പട്ടികയിൽ രേഖപ്പെടുത്തിയത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായിനടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 152 | 11,36,64,162 | 127 | 7,11,49,748 | 91 | 36 | 25 | 60 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി അടങ്കൽ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 72,51,880 | 12 | 63,07,208 | 10 | 87 |
| 2 | വെറ്റിനറി സർജ്ജൻ | 24,70,944 | 6 | 18,25,544 | 6 | 79 |
| 3 | മെഡിക്കൽ ഓഫീസർ (സിഎച്ച്സി) | 15,65,619 | 6 | 10,59,861 | 4 | 68 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 8,00,000 | 2 | 8,00,000 | 2 | 100 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഈസ്റ്റ് സർക്കിൾ, പാപ്പിനിശ്ശേരി | 2,28,88,100 | 13 | 1,33,31,109 | 12 | 58 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-വെസ്റ്റ് സർക്കിൾ, പാപ്പിനിശ്ശേരി | 18,05,000 | 1 | 5,10,000 | 1 | 28 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 51,14,134 | 8 | 40,60,510 | 7 | 79 |
| 8 | സെക്രട്ടറി | 1,04,22,019 | 24 | 81,74,322 | 20 | 78 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 5,10,66,440 | 66 | 2,70,60,696 | 53 | 53 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 19,44,400 | 3 | 19,44,400 | 3 | 100 |
| 11 | ഹെഡ്മിസ്ട്രസ്സ്, | 59,69,626 | 8 | 54,17,911 | 7 | 91 |
| 12 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 15,66,000 | 2 | 1,55,368 | 1 | 10 |

| | | | | | | |
|---|---|---|---|---|---|---|
| 13 | ക്ഷീര വികസന ഓഫീസർ | 8,00,000 | 1 | 5,02,819 | 1 | 63 |
| | | 11,36,64,162 | 152 | 7,11,49,748 | 127 | 63 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 585120 | 585120 | 542050 | 43070 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16107890 | 16107890 | 16107890 | 0 |
| ആകെ | 0 | 16693010 | 16693010 | 16649940 | 43070 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികളിൽ 23% പ്രവൃത്തികൾ മാത്രമാണ് കോവിഡ് പാശ്ചാത്തലത്തിൽ 2020-21 വർഷം പൂർത്തിയാക്കാൻ സാധിച്ചത്. അനുമതി ലഭിച്ച പ്രവൃത്തികളുടെയും നടപ്പാക്കിയ പ്രവൃത്തികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികൾ (എണ്ണം) | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ , തൻവർഷ പദ്ധതികൾ) | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ , തൻവർഷ പദ്ധതികൾ) |
|---|---|---|
| 382 | 99 | 86 |

2. തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരം

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 105 |
| 2 | ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2262 |
| 3 | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 584 |
| 4 | 100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 173 |
| 5 | തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 100 |
| 6 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 36087 |
| 7 | തൊഴിൽ കാർഡ് നൽകാൻ ശേഷിക്കുന്ന കുടുംബങ്ങളുടെ എണ്ണം | 0 |

പഞ്ചായത്തിൽ ആകെ 543 എസ്.സി കുടുംബങ്ങളുള്ളതിൽ 394 കുടുംബങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 40,22,100 | 269 |
| വിധവാപെൻഷൻ | 1,77,02,900 | 1191 |
| വാർദ്ധക്യകാലപെൻഷൻ | 4,47,92,500 | 3260 |

| | | |
|---|---|---|
| ഭിന്ന ശേഷി പെൻഷൻ | 52,33,500 | 351 |
| 50വയസ്സ് കഴിഞ്ഞവർക്കുള്ള അവിവാഹിതപെൻഷൻ | 21,60,300 | 145 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 4,20,000 | 14 |

## 1-7-1 മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യൽ - പൂർണ്ണത ഉറപ്പ് വരുത്തേണ്ടതാണ്

2020-21 വർഷം മരണപ്പെട്ട 167 പെൻഷൻ ഗുണഭോക്താക്കളെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. അവർക്ക് മരണാനന്തരം നൽകിയ തുക തിരികെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിലുള്ള അക്കൗണ്ടിലേയ്ക്ക് തിരികെ അടവാക്കാറുണ്ടെന്ന്(A/CNO-00110102300269) ഓഡിറ്റ് എൻക്വയറിയ്ക്ക് (6/25.6.2022). മറുപടി നൽകിയിട്ടുണ്ട് .

പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെടുന്ന വിവരം ലഭ്യമാകാത്തതിനാലും, പെൻഷൻ വെബ്സൈറ്റ് ക്ലോസ്സ് ചെയ്യുന്നതിനാലും യഥാസമയം സസ്പെൻഡ് ചെയ്യാൻ കഴിയുന്നില്ല എന്നാണ് സ്ഥാപനത്തിൽ നിന്നും അറിയിച്ചത് .

മരണങ്ങൾ രജിസ്റ്റർ ചെയ്യുമ്പോളും,അങ്കണവാടിവർക്കർ,ആശ വർക്കർ,പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ ബാങ്ക് എന്നിവരിൽ നിന്നും മരണപ്പെടുന്നവരുടെ വിവരങ്ങൾ ശേഖരിച്ച് പെൻഷൻ ഗുണഭോക്താവാണെങ്കിൽ സേവന പെൻഷൻ വെബ്സൈറ്റിൽ നിന്നും യഥാസമയം സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.ആയതിന്റെ പൂർണ്ണത ഉറപ്പ് വരുത്തേണ്ടതാണ്.

## 1-7-2 സർവ്വീസ് പെൻഷനർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷ പെൻഷൻ തിരിച്ചടക്കാത്തത്

പഞ്ചായത്ത് ഡയറക്ടറുടെ 4/3/2021 PAN/2566/2020-DBT1(DP) നം. കത്ത് പ്രകാരം താഴെ പറയുന്ന, സർവ്വീസ് പെൻഷൻ, ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷ പെൻഷൻ തിരിച്ചടക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരോട് നിർദ്ദേശിച്ചിട്ടുണ്ട്. ശ്രീമതി.ലീല.കെ.പി, വണ്ടിപ്പറമ്പ് ഹൗസ്, ഹാജി റോഡ്, പാപ്പിനിശ്ശേരി-വെസ്റ്റ് എന്നവർ പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിലെ വിധവപെൻഷൻ ഗുണഭോക്താവാണ്. പെൻഷണർഐഡി-11120600980. ഇവർ എക്സ്ഗ്രേഷ്യ പെൻഷൻ(2000ൽ കൂടുതൽ) കൈപ്പറ്റുന്നവരാണ് . അതിനാൽ ഇവർ അനർഹമായി കൈപ്പറ്റിയ വിധവപെൻഷൻ ₹ 56,000 തിരിച്ചടക്കാനായി സെക്രട്ടറിയുടെ 9.11.20ലെ Sc4/6517/20 കത്ത് പ്രകാരം ആവശ്യപ്പെട്ടെങ്കിലും തിരിച്ചടച്ചിട്ടില്ല. തുടർന്ന് 9.3.2022ന് കത്ത് നൽകിയിട്ടുണ്ട്. തുക സാമൂഹ്യ സുരക്ഷപെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-06-2022 ന് 3.00 Pm സമയത്ത് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹13391 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാ മാസവും വിളിച്ച് ചേർത്തിട്ടുണ്ട്. യോഗങ്ങളിൽ പഞ്ചായത്തിന്റെ നികുതി പിരിവ്, പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. ക്ഷേമപെൻഷൻ, ജനന മരണ രജിസ്ട്രേഷൻ എന്നിവയുടെ എന്നിവയുടെ വിവരവും വിലയിരുത്തുന്നുണ്ട്. ഓഡിറ്റ് തടസ്സങ്ങൾക്ക് സമയബന്ധിതമായി മറുപടി നൽകുവാൻ നിർദ്ദേശിക്കുന്നുണ്ട്. ഓഫീസ് ഉത്തരവ് സമയാസമയങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ട്. ILGMS സോഫ്റ്റ്‌വെയർ വിന്യാസത്തിനായി നോഡൽ ഓഫീസറായി ജെ എസ് നെ ചുമതലപ്പെടുത്തിയിട്ടുണ്ട് .

ഗ്രാമപഞ്ചായത്തിലെ വിവിധ നികുതികൾ 100% പിരിച്ചെടുത്തിട്ടുണ്ട്. സാമ്പത്തിക പുരോഗതി വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഭരണനിർവ്വഹണവും ആഭ്യന്തര നിയന്ത്രണ സംവിധാനവും പൊതുവെ തൃപ്തികരമാണ്.

## 1-10 ഗ്രാമ സഭ

2020-21 വർഷം കോവിഡ് പ്രോട്ടാക്കോൾ നിലനിൽക്കുന്നതിനാൽ ഒരു ഗ്രാമ സഭ (2.2.2021) മാത്രമേ ചേർന്നിട്ടുള്ളൂ. പുതിയ ഭരണ സമിതി അധികാരത്തിൽ വന്നതിന് ശേഷമുള്ള ആദ്യ ഗ്രാമ സഭയാണിത്.

2019-20 വരവ് ചെലവ് കണക്ക് അംഗീകരിക്കൽ, 2019-20വാർഷീക പദ്ധതി അവലോകനം ,2020-21 വാർഷിക പദ്ധതി അവലോകനം, ഗുണഭോക്തൃപട്ടിക അംഗീകരിക്കൽ, ക്ഷേമ പെൻഷൻ അംഗീകരിക്കൽ ,2021-22 വാർഷിക പദ്ധതി ആസൂത്രണം മുതലായവയാണ് പ്രധാന അജണ്ട.2018-19 ലെ ഓഡിറ്റ് റിപ്പോർട്ട്, മറുപടി, പുനരഭിപ്രായക്കുറിപ്പ്, 2018-19 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് അദാലത്തിനായി സെക്രട്ടറി തയ്യാറാക്കിയ റിപ്പോർട്ട് എന്നിവ ഈ ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.
കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിക്കാനിരിക്കുന്ന ദാരിദ്ര്യലഘൂകരണ പരിപാടിയായ ഗ്രാമകം പദ്ധതിയും ഗ്രാമ സഭയിൽ ചർച്ച ചെയ്തിട്ടുണ്ട്.

ഗ്രാമ സഭാ യോഗത്തിൽ പങ്കെടുക്കുന്നവരിൽ ചിലർ പൂർണ്ണമായ മേൽ വിലാസം ചേർക്കുന്നില്ല . ഗ്രാമ സഭകളിൽ നിശ്ചിത ക്വാറം തികയുന്നുണ്ട്. യോഗം അവസാനിച്ചാൽ കോ ഓർഡിനേറ്ററും യോഗത്തിന്റെ അദ്ധ്യക്ഷനും യോഗത്തിൽ പങ്കടുത്തിട്ടുള്ള ജനപ്രതിനിധികളും കൂടാതെ ഗ്രാമസഭ യോഗത്തിൽ പങ്കെടുത്തിട്ടുള്ള 10 പേരുടെയെങ്കിലും ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.എന്നാൽ കോ ഓർഡിനേറ്ററും യോഗത്തിന്റെ അദ്ധ്യക്ഷനും മാത്രമേ ഒപ്പ് രേഖപ്പെടുത്തുന്നുള്ളൂ.

## 1-11 വസ്തു നികുതി - ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.

കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതുമായി സംബന്ധിച്ച സ.ഉ(അ)19/2011/തസ്വഭവ തീയതി 14-1-2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചില ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-2-2015 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിനൊപ്പം റസിഡൻഷ്യൽ ഹോം സ്റ്റേ എന്ന വിഭാഗം കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 53/2020/തസ്വഭവ തീയതി 8-9-2020 പ്രകാരം ഈ വിഭാഗങ്ങളിൽ പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്ക് എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനനുസരിച്ച് ഓരോ പഞ്ചായത്തും അതത് പഞ്ചായത്തുകൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിലെ അടിസ്ഥാന നികുതി നിരക്കുകൾ പരിശോധിച്ചതിൽ പഞ്ചായത്തിന് പ്രസ്തുത വിഭാഗം കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13 തീയതി 28-6-22) ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങളില്ലാത്തതിനാലാണ് നികുതി നിരക്ക് വിജ്ഞാപനം ചെയ്യാതിരുന്നതെന്നും ഇതു സംബന്ധിച്ച് വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നികുതി നിരക്ക് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1-2020-21 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | വാർഡ്/കെട്ടിട നമ്പർ | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | സലാഹുദ്ദീൻ | 18/127,128 | ഇസ്മ വെഡ്ഡിംഗ് സെന്റർ | 3 |
| 2 | ലിജേഷ് സി പി | 7/564 | സ്റ്റീൽ ടെക് | 3 |
| 3 | സുലോചന കെ | 12/659 | സംഗമം ഫുഡ് പ്രൊഡക്ട്സ് | 4 |
| 4 | രമേഷ് ചേലക്കൽ | 12/323,324 | ക്ലീൻ കണ്ണൂർ വെഞ്ചർസ് | 9 |
| 5 | എ അഷറഫ് | 12/330 | ക്ലാ സൺവുഡ് ഇന്റസ്ട്രീസ് | 4 |

| | | | | |
|---|---|---|---|---|
| 6 | അബ്ദുൾ മജീദ് പുതിയ കണ്ടത്തിൽ | 12/143 A | പി കെ മാർബിൾസ് | 2 |
| 7 | സദാശിവൻ കെ പി | 12/421A | OHM പവർ കൺട്രോൾ | 4 |
| 8 | ഷൈജുമോൻ ജോസഫ് | 12/82 | സി ജെ ബിൽഡ് വെയർ | 5 |

2. 2020-21സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ,ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ,ഗ്രാമ പഞ്ചായത്ത് 2020-21 വർഷം വിവിധ ആവശ്യങ്ങൾക്ക് ദിവസ വേതനത്തിന് നിയമിച്ച ജീവനക്കാർ, എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ (നം. 16/28-6-22)ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനമേധാവിക്ക് നോട്ടീസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തുക മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.

## 1-13 കാലാഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282(1) എ പ്രകാരവും, 2011ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്), ചട്ടം 79 പ്രകാരവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിൽ പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തിയിട്ടുള്ളതിനാൽ 14-1-2020ലെ സർക്കുലർ നമ്പർ എസി 1/125/2019-തസ്വഭവ പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകകൾ മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2020-21 ലെ വാർഷിക ധനകാര്യപത്രിക ബി 7 ഷെഡ്യൂൾ പ്രകാരം വിവിധ ഇനങ്ങളിലെ ഡെപ്പോസിറ്റായി ആകെ ₹7538586 നീക്കിയിരിപ്പുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം ഇപ്രകാരം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. 2004-05 മുതൽ ലഭിച്ച തുകകൾ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/28-6-22) മറുപടിയായി കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നീക്കിയിരിപ്പായിട്ടുള്ള ഡെപ്പോസിറ്റ് തുകകൾ കൃത്യമായി പരിശോധിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ സംബന്ധിച്ച വിവരം ധനകാര്യ കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും ബോധ്യപ്പെടുത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 1-14 ഇ ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസിനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിച്ചിട്ടില്ല. ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-2/25-06-2022) മറുപടി നല്കിയിട്ടില്ല. ടെണ്ടർ ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക കണക്കാക്കി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ / പേര് | 12/21 ഐ കെ എം വിഹിതം നൽകൽ |
| അടങ്കൽ | ₹80000 തനത് ഫണ്ട് |
| ചെലവ് | ₹ 79099 |
| വൌച്ചർ നമ്പർ/തീയതി | 22000499/09-02-2021 |

മേൽ പ്രൊജക്ട് പ്രകാരം ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ₹79099 നൽകിയിട്ടുണ്ട്.എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.18/28-06-2022) ലഭ്യമാക്കിയ മറുപടിയിൽ 2020-21 വർഷത്തെ ധനവിനിയോഗ സാക്ഷ്യപത്രം തയ്യാറാക്കി വരുന്നതായും ഐ.കെ.എമ്മിലെ ഓഡിറ്റ് പൂർത്തിയാകുന്ന മുറക്ക് ആയത് ഗ്രാമ പഞ്ചായത്തിന് നൽകുന്നതാണെന്നും അറിയിച്ച് ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ ലഭ്യമാക്കിയ കത്തിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. മേൽ പരാമർശിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-16 തെരുവ് വിളക്കുകൾക്കാവശ്യമായ സോളാർ വൈദ്യുത പ്ലാന്റ് സ്ഥാപിക്കൽ - പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 104/21, തെരുവ് വിളക്കുകൾക്കാവശ്യമായ സോളാർ വൈദ്യുത പ്ലാന്റ് സ്ഥാപിക്കൽ ( തുരുത്തി ) |
| അടങ്കൽ | ₹2,86,055 തനത് ഫണ്ട് |
| ചെലവ് | ₹2,85,217 |
| വൌച്ചർ നമ്പർ/തീയതി | 22000118/11-11-2020 |

തുരുത്തി മാലിന്യ സംസ്കരണ കേന്ദ്രത്തിൽ 20 K V A സോളാർ വൈദ്യുത പ്ലാന്റ് സ്ഥാപിക്കുന്നതിനും തെരുവ് വിളക്ക് കത്തിക്കുന്നതിന് ആവശ്യമായ വൈദ്യുതി ഉൽപ്പാദിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 2018-2019 ൽ തുടങ്ങിയതാണ് മേൽ പ്രൊജക്ട്. കെൽട്രോണിനാണ് നടത്തിപ്പ് ചുമതല നൽകിയത്.ഇതിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2018-2019 | ₹900000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 2019-2020 | ₹813145 തനത് ഫണ്ട് |
| 2020-2021 | ₹285217 തനത് ഫണ്ട് |

| | |
|---|---|
| ആകെ | ₹1998362 |

സോളാർ പ്ലാന്റിന്റെ നിലവിലെ സ്ഥിതി അറിയുന്നതിന് പ്ലാന്റിൽ മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, സോളാർ പ്ലാന്റിൽ പ്രതിമാസം എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെന്നും ഇതിൽ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കിന് വേണ്ടി എത്ര യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്നുണ്ടെന്നുമുള്ള വിവരം എന്നിവ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/29-06-2022) ലഭ്യമാക്കിയ മറുപടിയിൽ കൺസ്യൂമർ നമ്പർ 1166635015220 പ്രകാരം മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സോളാർ വൈദ്യുതി പ്ലാന്റിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവിൽ മാസം തോറും സൂര്യപ്രകാശത്തിന്റെ ലഭ്യതക്കനുസരിച്ച് വ്യതിയാനം ഉണ്ടാകാറുണ്ടെന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ തുക മുഴുവനായും തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജിൽ അഡ്ജസ്റ്റ് ചെയ്യുകയാണ് ചെയ്യുന്നതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ 2020 മെയ് മാസത്തെ വൈദ്യുത ബില്ലിന്റെ കോപ്പി മാത്രമാണ് മറുപടിയോടൊന്നിച്ച് ഓഡിറ്റിന് ഹാജരാക്കിയത്. പ്ലാന്റിന്റെ നിലവിലെ പ്രവർത്തനക്ഷമത ഓഡിറ്റിനെ അറിയിക്കേണ്ടതും പ്രവർത്തന പുരോഗതി നിരന്തരം വിലയിരുത്തേണ്ടതുമാണ്.

## 1-17 തെരുവ് വിളക്ക് റിപ്പയർ - പ്രൊജക്ട് നടത്തിപ്പിലെ അപാകത ₹249850യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 78/21, തെരുവ് വിളക്ക് റിപ്പയർ |
| അടങ്കൽ | ₹499700 തനത് ഫണ്ട് |
| ചെലവ് | ₹249850 |
| വൗച്ചർ നമ്പർ/തീയതി | 22000744/31-03-2021 |

പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ 1051 തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള വാർഷിക അറ്റകുറ്റ പണി കരാർ ടെണ്ടർ മുഖേന നടപ്പിലാക്കുന്നതാണ് മേൽ പ്രൊജക്ട്. സി.എഫ്.എൽ-49 എണ്ണം, ട്യൂബ് സെറ്റ്-564 എണ്ണം, എൽ.ഇ.ഡി-417 എണ്ണം, ഓർഡിനറി ബൾബ്-15 എണ്ണം, സോളാർ-6 എണ്ണം എന്നിവയുടെ പണികൾക്കുള്ള ലേബർ ചാർജ് ഉൾപ്പെടെയുള്ള നിരക്കാണ് ക്വാട്ട് ചെയ്യേണ്ടതെന്ന് ടെണ്ടർ പരസ്യത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ഉഷസ് എനർജി സിസ്റ്റംസ് ₹520000 ഉം സൺ പവർ ഇലക്ട്രിക്കൽസ് ₹499700ഉം ക്വാട്ട് ചെയ്യുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സൺ പവർ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള നിരക്ക് ടെണ്ടർ ഫോമിൽ രേഖപ്പെടുത്തിയിട്ടില്ല.

2. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സൺ പവർ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനവുമായി ഉണ്ടാക്കിയ കരാറിൽ പ്രവൃത്തിയുടെ കാലാവധി രേഖപ്പെടുത്തിയിട്ടില്ല.

3. തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണിയും സംരക്ഷണവുമായി ബന്ധപ്പെട്ട സർക്കുലർ നം.3055/ഡിഎ3/2011 ത.സ്വ.ഭ.വ തീയതി 15.09.2011 പ്രകാരമുള്ള മാർഗ്ഗരേഖ ഖ.2.(ബി) പ്രകാരം തെരുവ് വിളക്കുകളുടെയും അനുബന്ധ വസ്തുക്കളുടെയും വിശദാംശങ്ങൾ തദ്ദേശ ഭരണ സ്ഥാപനത്തിലെയും കെ എസ് ഇ ബി യിലെയും അധികാരികൾ സംയുക്ത പരിശോധന നടത്തേണ്ടതും ഇവ സംബന്ധിച്ച് ടെണ്ടർ രേഖകളിൽ പരാമർശിക്കേണ്ടതുമാണ്. എന്നാൽ സംയുക്ത പരിശോധനാ റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

4. കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രേഖപ്പെടുത്താനുള്ള രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്, പരാതി രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. വിവിധ വാർഡുകളിലെ മെമ്പർമാർ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്തതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏത് ഇനം വിളക്കുകളാണെന്നോ വിളക്കുകളുടെ എണ്ണം എത്രയെന്നോ രേഖപ്പെടുത്തിയിട്ടില്ല.

6. സൺ പവർ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ ബില്ല് ഹാജരാക്കിയിട്ടില്ല. ആയതിനാൽ തുക നൽകിയതിന്റെ ആധികാരികത വ്യക്തമാകുന്നില്ല.

7. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

മുകളിൽ കൊടുത്ത അപാകതകൾക്ക് ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/28-06-2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹249850 തടസ്സപ്പെടുത്തുന്നു.

## 1-18 ജലജീവൻ മിഷന് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ നമ്പർ/ പേര് | 164/21,ജലജീവൻ മിഷന് വിഹിതം നൽകൽ |
| അടങ്കൽ | ₹2050000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>₹350000 തനത് ഫണ്ട്<br>₹2400000 |
| ചെലവ് | ₹20,50,000<br>2019015201160117140/27-02-2021 |
| | ₹3,50,000<br>വൌച്ചർ നമ്പർ/തീയതി 220000659/17-03-2021 |
| | ₹24,00,000 |

ജല ജീവൻ മിഷന്റെ 2020-21 വർഷത്തിൽ പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിന് കീഴിലെ 6299 ഉപഭോക്താക്കളുടെ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തികൾക്കായി 14 കോടി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായ ₹2,17,50,000 അടക്കുവാൻ കേരള വാട്ടർ അതോറിറ്റി ഡബ്ല്യു.എസ് ഡിവിഷൻ,തളിപ്പറമ്പയുടെ ഡി.2 16929/2020/18-10-2020 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.ഇത് പ്രകാരം 2020-21 സാമ്പത്തിക വർഷം ₹24,00,000 രൂപ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 67119741187 എന്ന അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ' ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/25-06-2022) ലഭ്യമാക്കിയ മറുപടിയിൽ ആയതിനുള്ള കത്ത് കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-19 ടാർ വീപ്പയുടെ വില അതാത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30-10-2007 ലെ 59827/എഫ്.എം. /07/ തസ്വഭവ നമ്പർ സർക്കുലറിൽ ഒഴിഞ്ഞ ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ 2020-21 ൽ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് , മെയിന്റനൻസ് ഗ്രാന്റ് ( റോഡ് )എന്നീ ഫണ്ടുകൾ ഉപയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരലിന്റെ വില തനത് ഫണ്ട് അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-28/29-06-2022) ടാർ വീപ്പയുടെ വില അതാത് ഫണ്ടിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. ടാർ വീപ്പയുടെ വില അതാത് ഫണ്ടിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 ബയോഫ്ലോക് പദ്ധതി-ചെലവ് രേഖകൾ ലഭ്യമല്ല ₹77684 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്റ്റിന്റെ നമ്പരും പേരും | 151/21 ബയോഫ്ലോക് പദ്ധതി |
| അടങ്കൽ | ₹110400 സംസ്ഥാനാവിഷ്കൃതം<br>₹110400 ജില്ലാ പഞ്ചായത്ത് വിഹിതം<br>₹110400 തനത് ഫണ്ട്<br>₹496800 ഗുണഭോക്തൃവിഹിതം |

| | |
|---|---|
| | |
| ചെലവ് | ₹77684 ജില്ലാ പഞ്ചായത്ത് വിഹിതം<br>ബിൽ നമ്പർ /തീയ്യതി :<br>20190152036901335959/24.03.21<br>₹77684തനത് ഫണ്ട് വൗച്ചർ നമ്പർ<br>22000713/29.03.21 |

ബയോഫ്ലോക് പദ്ധതി പ്രകാരം 5 ഗുണഭോക്താക്കൾക്കാണ് തുക കൈമാറുന്നത്. ജില്ലാപഞ്ചായത്ത് വിഹിതം കൈമാറിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമാണ്. തുക ഗുണഭോക്താക്കൾ കൈപ്പറ്റിയോ എന്നുറപ്പ് വരുത്തിയിട്ടില്ല. സാംഖ്യയിൽ നിന്നുള്ള വിതരണ സ്റ്റേറ്റ്മെന്റ് ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്. പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി ₹77684 തനത് ഫണ്ടും ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയിട്ടുണ്ടെങ്കിലും, നിർവ്വഹണ ഉദ്യോഗസ്ഥൻ തുക ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 30/29.06.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹77684 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 അങ്കണവാടികൾ അവലോകനം

പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ ആകെ 19 അങ്കണവാടികളാണുള്ളത് . ഇവയിൽ 12 അങ്കണവാടികൾക്ക് മാത്രമാണ് സ്വന്തമായി കെട്ടിട സൗകര്യമുള്ളത്. സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ സ്ഥലപരിമിതി മൂലം ബുദ്ധിമുട്ടുന്നുണ്ട്. ഉദാഹരണമായി മാങ്കടവ് അങ്കണവാടി ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്ത് സൗകര്യം കുറവായതിനാൽ അങ്കണവാടിയുടെ മുഴുവൻ സാധനങ്ങളും അവിടേക്ക് കൊണ്ടുവരുവാൻ സാധിക്കാതെ വന്നതായി വെൽഫെയർ കമ്മിറ്റി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മുഴുവൻ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആകെ 3 അങ്കണവാടികൾക്ക് മാത്രമാണ് നിലവിൽ ശിശുസൗഹൃദ ടോയ് ലെറ്റുകൾ ഉള്ളത്. എല്ലാ അങ്കണവാടികൾക്കും ശിശുസൗഹൃദ ടോയ് ലെറ്റുകൾ നിർമ്മിക്കാൻ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ്.

## 1-22 മഴക്കാല പൂർവ്വ ശുചീകരണം - മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല

മഴക്കാല പൂർവ്വ ശുചീകരണത്തിനായി ₹2,00,000 വൌച്ചർ നമ്പർ 22000291/17-06-2020 പ്രകാരം പിൻവലിച്ച് മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ക്ക് നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ ചെലവ് രേഖകൾ,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം.19/28-06-2022 ₹925 ചെലവഴിക്കാൻ ബാക്കിയുള്ളതായി മറുപടി നൽകിയിട്ടുണ്ട്. ₹925 ചെലവഴിക്കാത്ത പക്ഷം തിരിച്ചടക്കേണ്ടതാണ്.

## 1-23 തുല്യതാ പദ്ധതി- തുടർ നടപടി വിലയിരുത്തേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ് |
| പ്രോജക്ട് പേര് &നമ്പർ | അതുല്യം പദ്ധതി – 20/21 |
| അടങ്കൽ | 1,00,000 (തനത് ഫണ്ട് ) |
| ചെലവ് | 31,800 |
| വൗച്ചർ നമ്പർ, തീയ്യതി | 22000729/30.3.21 |

മേൽ പ്രോജക്ട് നിർവ്വഹണത്തിന്റെ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| കോഴ്സ് | പഠിതാക്കളുടെ എണ്ണം | തുക |
|---|---|---|
| ഗുഡ് ഇംഗ്ലീഷ് | 1 | 2500 |
| അച്ഛീ ഹിന്ദി | 1 | 2500 |

| | | |
|---|---|---|
| പത്താം തരം | 4 | 7000 |
| ഹയർ സെക്കണ്ടറി | 9 | 19,800 |

പഠിതാക്കൾ കോഴ്സ് പൂർത്തീകരിച്ചതിന്റേയും, പരീക്ഷ നടത്തിപ്പിന്റെയും, സർട്ടിഫിക്കറ്റുകൾ ലഭിച്ചതിന്റെയും സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പത്താം തരം, ഹയർ സെക്കണ്ടറി തുല്യത പരീക്ഷ നടന്നിട്ടില്ലായെന്നും, ഭാഷാ കോഴ്സിന്റെ പരീക്ഷ 2പേർക്കും എഴുതാൻ സാധിച്ചിട്ടില്ലായെന്നും, അവർക്ക് അടുത്ത ബാച്ചിൽ സാക്ഷരത മിഷൻ അനുമതി നല്കുന്നതാണെന്നും, ആയതിനാൽ പരീക്ഷ കഴിയുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്നും (4/25.6.22) മറുപടി നൽകിയുണ്ട്. പഠിതാക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-24 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികം തുക നൽകിയത് - 20,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ് |
| പ്രോജക്ട് പേര്&നമ്പർ | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 18/21 |
| അടങ്കൽ | 9,73,000/- വികസന ഫണ്ട് -പൊതു വിഭാഗം – സാധാരണ വിഹിതം<br>27,000 (തനത് ഫണ്ട് )<br>ആകെ – 10,00,000/- |
| ചെലവ് | 9,73,000/- വികസന ഫണ്ട് -പൊതു വിഭാഗം – എസ് സി പി<br>7,000 (തനത് ഫണ്ട്)<br>ആകെ – 9,80,000/- |
| ബിൻ നം & വൗച്ചർ നമ്പർ, തീയ്യതി | 9/16.2.2021 – 4,55,000<br>10/16.2. 2021 - 5,18,000<br>22000603 /9.3.2021 - 7,000 |

മേൽ പ്രോജക്ട് പ്രകാരം പട്ടിക ജാതി വിഭാഗത്തിൽ പെട്ട 45 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയ വകയിൽ മേൽ തുക ചെലവഴിച്ചിട്ടുണ്ട്. ബി എഡ് കോഴ്സിന് പഠിക്കുന്ന രണ്ടു വിദ്യാർത്ഥികൾക്ക്, കുമാരി.അയന.കെ , കുന്നുംബ്രത്ത് ഹൗസ്, അരോളി, പാപ്പിനിശ്ശേരി (പി കെ എം കോളേജ് ഓഫ് എഡ്യുക്കേഷൻ, മടമ്പം, കൈതപ്രം), കുമാരി.മൃദുഷ.ഇ, ജാനകി നിവാസ്, മോറോന്നുമ്മൽ, പാപ്പിനിശ്ശേരി (ടീച്ചിംഗ് എഡ്യൂക്കേഷൻസെന്റർ, യൂണിവേഴ്സിറ്റി ക്യാമ്പസ് , ധർമ്മശാല) 30,000/- രൂപ വീതം നൽകിയിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിസബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ)നം 22/2018/ത സ്വ ഭ വ തീയതി 14.2.2018 7.2.5ൽ സംസ്ഥാന സർക്കാരോ, കേന്ദ്രസർക്കാരോ നടത്തുന്ന എല്ലാ കോഴ്സിലേയ്ക്കും യോഗ്യത നേടി പഠനം നടത്തുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും താഴെ കാണും പ്രകാരം സ്കോളർഷിപ്പ് നൽകാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട് .

| | |
|---|---|
| മെഡിക്കൽ കോഴ്സ് | 30,000 |
| എഞ്ചിനീയറിംഗ് | 25,000 |
| ബിരുദം | 20,000 |
| ബിരുദാനന്തര ബിരുദം | 30,000 |
| ഗവേഷണ വിദ്യാർത്ഥികൾ | 30,000 |
| പോളിടെക്നിക് | 20,000 |
| മറ്റെല്ലാ സർക്കാർ അംഗീകൃത സർവ്വകലാശാല റഗുലർ കോഴ്സ് | 15,000 |

മേൽ ഉത്തരവ് പ്രകാരം ബിരുദാനന്തര ബിരുദം, മെഡിക്കൽ കോഴ്സ്, ഗവേഷണ വിദ്യാർത്ഥികൾ എന്നിവർക്ക് മാത്രമാണ് 30000/-രൂപയ്ക്ക് അർഹത. ബി എഡ് കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 30,000/- രൂപ വീതം

നൽകിയതിന്റെ അടിസ്ഥാനം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (3/25.6.2022) മാർഗ്ഗരേഖയിൽ ഈ കോഴ്സിനെക്കുറിച്ച് പരാമർശിക്കാത്തതിനാലും, ബിരുദത്തിന് ശേഷമുള്ള ദ്വിവത്സര കോഴ്സ് ആയതിനാലുമാണ് 30,000/- രൂപ നൽകിയത് എന്നാണ് മറുപടി നൽകിയത്. മറുപടി തൃപ്തികരമല്ല. 20,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. പരാമർശം ഒഴിവാക്കുന്നതിനാവശ്യമായ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് നൽകാവുന്നതിനാൽ വിദ്യാർത്ഥികളുടെയും കോഴ്സുകളുടേയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതണെന്ന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. രജിസ്റ്റർ ഹാജരാക്കുന്നതാണെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.

## 1-25 ക്യാഷ് ബുക്കിൽ വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

ഹെഡ്മിസ്ട്രസ്സ് ക്യാഷ് ബുക്ക് ഹാജരാക്കിയെങ്കിലും ആയതിൽ പ്രോജക്ടിന്റെ വരവ് ചെലവ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല .നിർവ്വഹണ ഉദ്യോഗസ്ഥർTR-7(a)കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റേയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണമെന്നും , തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി 4 ) സൂക്ഷിക്കണമെന്ന് ബിൽ സിസ്റ്റം ജി ഒ(പി ) 177/2006 ധനം തീയതി 12.4.2006-ൽ നിർദ്ദേശിച്ചുണ്ട്. അനുബന്ധം ബി5 പ്രകാരമുള്ള പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും അതിൽ ചെലവ് വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല . ആവശ്യമായ രേഖപ്പെടുത്തലുകളോടെയുള്ള രജിസ്റ്ററുകൾ, ക്യാഷ് ബുക്ക് എന്നിവ സൂക്ഷിക്കേണ്ടതാണ്.

## 1-26 ദുരന്തനിവാരണ പ്രവർത്തനങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും, സാമൂഹികാധിഷ്ഠിതവുമായ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടത് സംബന്ധിച്ച നിർദ്ദേശം 04.12.19 ലെ സർക്കാർ ഉത്തരവ് (കൈ) നം.156/19/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ നിർദ്ദേശ പ്രകാരം ഗ്രാമ പഞ്ചായത്തിൽ Emergency Response Team (ERT) -കൾ രൂപീകരിച്ചിട്ടുണ്ട്. ലോക്കൽ റിസോഴ്സ് ഗ്രൂപ്പുകൾ രൂപീകരിച്ച് കില മുഖേന പരിശീലനം നൽകിയിട്ടുണ്ട്. ദുരന്തനിവാരണ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്.

കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് നല്ലരീതിയിൽ നടത്തിയിട്ടുണ്ട്.കോവിഡ് രോഗികൾക്കും ,ക്വാറന്റയിനിലുള്ളവർക്കും ടെലി കൺസൾട്ടിംഗ് സിഎച്ച്സിയിലെ ഡോക്ടർമാർ മുഖാന്തിരം നടത്തിയിട്ടുണ്ട്. RTPCR ടെസ്റ്റിനുള്ള സൗകര്യം,ആഴ്ചയിലൊരു ദിവസം പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ, കോവിഡ് വാക്സിനേഷൻ ക്യാമ്പുകൾ,പാലിയേറ്റീവ് രോഗികൾക്ക് വീടുകളിൽ ചെന്ന് ആശുപത്രിയിൽ ഒരുക്കിയിരുന്നു. അരോളി ഹൈസ്കൂൾ C FL TC ആയി പ്രവർത്തിച്ചിട്ടുണ്ട്. പാപ്പിനിശ്ശേരി വെസ്റ്റിൽ ഒരു കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി ലഭിച്ച 50,000/- രൂപയിൽ 2880/- രൂപ നിലവിൽ ബാക്കിയുണ്ട് ( K G B A/C No- 40530101036695 ).

## 1-27 ആസ്തി പരിപാലനം

പഞ്ചായത്ത് ഡയറക്ടറുടെ 08.11.2018ലെ സി 2-15471/18 സർക്കുലറിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറും പ്രസിഡൻറ്/വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിൽ ആസ്തി പരിപാലനകമ്മിറ്റി രൂപീകരിച്ചിട്ടില്ല. അടുത്ത ഭരണ സമിതി യോഗത്തിൽ തന്നെ ആസ്തി പരിപാലനകമ്മിറ്റി രൂപീകരിക്കുന്നതിനുള്ള തീരുമാനമെടുക്കുമെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-11/27-06-2022) സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട് . പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ ആസ്തി രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള പുഴകൾ,തോടുകൾ എന്നിവയുടെ അതിർത്തി റീ-സർവേ നടത്തി തിട്ടപ്പെടുത്തുന്നതിന് വില്ലേജ് ഓഫീസർക്ക് കത്ത് നല്കിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. റീ-സർവെ റിപ്പോർട്ട് ലഭ്യമാക്കി അതിന്റെ അടിസ്ഥാനത്തിൽ പുറമ്പോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതും കൈയ്യേറ്റങ്ങളുണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി |
|---|---|---|
| 2020-21 | 23,6,2022, 24.06.2022 | കെ.എസ്.എ/കെ.എൻ.ആർ/സി.5/957/2022 തീയ്യതി: 26.07.2022. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ചതുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് | 7,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-17/21 | 7,50,000 | 0 |
| | 3,57,000 | സമഗ്ര നെൽകൃഷി വികസനം-66/21 | 3,57,000 | 0 |
| | 1,14,000 | സുഭിക്ഷ കേരളം -തരിശ്ശ് നെൽകൃഷി പ്രോത്സാഹനം -153/21 | 1,14000 | 0 |
| | 34,000 | സമഗ്ര പച്ചക്കറികൃഷി വികസനം-വനിത-69/21 | 34,000 | 0 |
| | 7,81,305 | ലൈഫ് ഭവന നിർമ്മാണം (ജനറൽ)-1/21 | 7,81,305 | 0 |
| | 2,52,819 | പാലിന സബ്സിഡി -73/21 | 2,52,819 | 0 |
| | 1,06.929 | പെയിൻ&പാലിയേറ്റീവ് കെയർ പദ്ധതി-8/21 | 1,06,929 | 0 |
| ആകെ | 23,96,053 | | 23,96,053 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 8,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-17/21 | 8,00,000 | 0 |

| | | | | |
|---|---|---|---|---|
| | 2,50,000 | പാലിനു സബ്സിഡി -73/21 | 2,50,000 | 0 |
| | 2,10,944 | പാലിനു സബ്സിഡി -111/21 | 2,10,944 | 0 |
| | 88,400 | സ്വയം പര്യാപ്ത ഗ്രാമം (ഉഴുന്ന് പയർ കൃഷി )-67/21 | 88,400 | 0 |
| | 77,684 | ബയോഫ്ലോക്ക് പദ്ധതി-151/21 | 77,684 | 0 |
| ആകെ | 14,27,028 | | 14,27,028 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 40000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 40000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 40000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്മെൻറ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | 207/23-11-2004 | ഷെയർ സർട്ടിഫിക്കറ്റ് | 20000 |
| 2 | കണ്ണൂർ സഹകരണ ഹോസ്പിറ്റൽ സൊസൈറ്റി | 15/19-06-2015 | ഷെയർ സർട്ടിഫിക്കറ്റ് | 20000 |
| ആകെ | | | | 40000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | മറുപടി നൽകി |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അനുബന്ധം | വസ്തു നികുതി പിരിച്ചെടുത്തിട്ടില്ല. | പൂർണ്ണമായി പിരിച്ചെടുത്തതും മറുപടി നൽകിയതുമാണ് |
| 2016-17 | 2-5 | 2017-18 | 8 | വസ്തു നികുതി | മറുപടി നൽകി |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 12,33,62,977.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,66,40,672.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 950 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,47,534 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 2,49,850 | ശ്രീമതി.ബിന്ദു .പി.എം, (സെക്രട്ടറി) |
| 1-21 | 77,684 | ശ്രീ.ടി.ആർ.രാജേഷ് (സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്) |
| 1-24 | 20,000 | ശ്രീമതി.എ.പത്മജ, ഹെഡ്മിസ്ട്രസ് |
| ആകെ | 3,47,534 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര്,തസ്തിക | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീമതി.എ.പത്മജ, ഹെഡ്മിസ്ട്രസ് | റിട്ടയർ ചെയ്തു | അഞ്ജലി, കണ്ടക്കൈ പി.ഒ, മയ്യിൽ വഴി. |

| | | |
|---|---|---|
| ശ്രീ.ടി.ആർ.രാജേഷ് (സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്) | ലഭ്യമായിട്ടില്ല | ഫ്ലാറ്റ് നം. 1 A ,ഗ്യാലക്സി അപ്പാർട്ട്മെന്റ്,എല്ലിസിയം കോർട്ട്,കോഴിക്കോട് |
| ഡോ.ഷാഹിന ബായി മെഡിക്കൽ ഓഫീസർ , (സി എച്ച് സി ) | ലഭ്യമല്ല | ഹൗസ് നം.17,PPFനഗർ, കടപ്പുറം റോഡ്, അഴീക്കോട്-9 |
| ശ്രീമതി.ബിന്ദു .പി.എം (സെക്രട്ടറി) | സെക്രട്ടറി ചെമ്പിലോട് ഗ്രാമപഞ്ചായത്ത് | കളത്തിൽ ഹൗസ്, കുറ്റ്യാട്ടൂർ (പി ഒ) |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | കെഎസ്എ/കെ എൻആർ/സി5/ 770/19/ 13-06-19 | 1 |
| 2000-01 | കെഎസ്എ/കെ എൻആർ/സി5/ 770/19/ 13-06-19 | 3 |
| 2001-02 | കെഎസ്എ/കെഎൻആർ/സി5/ 770/19/13-06-19 | 2 |
| 2002-03 | കെഎസ്എ/കെഎൻആർ/സി5/ 770/19/ 13-06-19 | 9 |
| 2003-04 | കെഎസ്എ/കെഎൻആർ/സി5/ 770/19/ 13-06-19 | 3 |
| 2004-05 | കെഎസ്എ/കെഎൻആർ/സി5/ 770/19 /13-06-19 | 2 |
| 2005-06 | കെഎസ്എ/കെഎൻആർ/സി5/ 770/19/ 13-06-19 | 1 |
| 2006-07 | കെഎസ്എ/കെഎൻആർ/സി5/ 770/19/ 13-06-19 | 1 |
| 2007-08 | കെഎസ്എ/കെഎൻആർ/സി5/ 770/19/ 13-06-19 | 1 |
| 2009-10 | കെഎസ്എ/കെഎൻആർ/സി5/ 770/19/ 13-06-19 | 7 |
| 2010-11,2011-12 | കെഎസ്എ/കെഎൻആർ/സി5/ 770/19/ 13-06-19 | 9 |

| | | |
|---|---|---|
| 2012-13,2013-14 | കെഎസ്എ/കെഎൻആർ/സി5/ 770/19/ 13-06-19 | 19 |
| 2014-15 | കെഎസ്എ/കെഎൻആർ/സി5/ 770/19/ 13-06-19 | 6 |
| 2015-16 | കെഎസ്എ /കെഎൻആർ/സി5/ 770/19/ 13-06-19 | 9 |
| 2016-17 | കെഎസ്എ/കെഎൻആർ5/770/19/ 13-06-19 | 6 |
| 2017-18 | കെഎസ്എ/കെഎൻആർ/സി5/ 678/2019/ 15.6.2019 | 7 |
| 2018-19 | കെഎസ്എ/കെഎൻആർ/സി5/ 188/2020/ 20-05-2020 | 7 |
| 2019-20 | കെഎസ്എ/കെഎൻആർ/സി5/421/ 21/9.12.2021 | 6 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## വാർഷിക ധനകാര്യ പത്രികകൾ

| Pappinissery Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| 450000000 | Cash and Bank balances | RP-40(a) | 39870302 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1700890 |
| 140000000 | Fees&User Charges | RP-4 | 700784 |
| 150000000 | Sale & Hire Charges | RP-5 | 3108092 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 68636552 |
| 171000000 | Interest Earned | RP-9 | 1235231 |
| 190000000 | Prior Period Income | RP-11 | 2456 |
| 311000000 | Earmarked Funds | RP-28 | 16585 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 11236774 |
| 431000000 | Sundry Debtors (Receivables) | RP-45 | 7572625 |
| 180000000 | Other Income | RP-10 | 152830 |
| 340000000 | Deposits Received | RP-33 | 23762881 |
| 350000000 | Other Liabilities | RP-35 | 3083673 |
| | Total | | 161091676 |
| 190000000 | Prior Period Income | RP-11 | 70308 |
| 210000000 | Establishment Expenses | RP-12 | 2506298 |
| 220000000 | Administrative Expenses | RP-13 | 528330 |
| 230000000 | Operations & Maintenance | RP-14 | 595850 |
| 240000000 | Interest & Finance Charges | RP-15 | 422 |
| 250000000 | Annual Plan - Revenue Expences (Productive Sector) | RP-16 | 6333548 |
| 251000000 | Annual Plan - Revenue Expences (Service Sector) | RP-17 | 29097430 |
| 252000000 | Annual Plan - Revenue Expences (Infrastructure Sector) | RP-18 | 7721934 |
| 260000000 | Grants, Contributions and Compensations from Own Fund | RP-21 | 116,790.0 |
| 290000000 | Prior Period Item | RP-25 | 161205 |
| 311000000 | Earmarked Funds | RP-28 | 5,000 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 411794 |
| 412000000 | Capital work in progress | RP-39 | 9317370 |

| | | | |
|---|---|---|---|
| 415000000 | Annual Plan - Capital Expences (Infrastructure Sector) | RP-42 | 1581422 |
| 460000000 | Loans, Advances and Deposits | RP-49 | 776260 |
| 340000000 | Deposits Received | RP-33 | 97886 |
| 350000000 | Other Liabilities | RP-35 | 55117645 |
| 413000000 | Annual Plan - Capital Expences (Productive Sector) | RP-40 | 59577 |
| | Closing Balance | | |
| 450000000 | Cash and Bank balances | RP-40(b) | 46592607 |
| | Grand Total | | 161091676 |

Pappinissery Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 9137524 |
| 120000000 | Assigned revenue and compensation | I-2 | 0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 697996 |
| 140000000 | Fee & User Charges | I-4 | 1096449 |
| 150000000 | Sale & Hire Charges | I-5 | 3118802.68 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 162192212 |
| 170000000 | Income from Investments | I-7 | 0 |
| 171000000 | Interest Earned | I-8 | 1235231 |
| 180000000 | Other Income | I-9 | 152830 |
| | Total Income | | 177631044.68 |
| 210000000 | Establishment Expenses | I-10 | 14142498 |
| 220000000 | Administrative Expenses | I-11 | 2175547 |
| 230000000 | Operations & Maintenance | I-12 | 1176510 |
| 240000000 | Interest & Finance Charges | I-13 | 1474 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6562164 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 37466490 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 11189248 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 16017330 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 75137200 |
| 255000000 | Maintenance Projects | I-14(E) | 0 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 12032 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0 |
| 270000000 | Provisions and Write off | I-16 | 15697 |
| 271000000 | Miscellaneous Expenses on Disposal of Assets and Inventsments | I-17 | 0 |
| 272000000 | Depreciation | I-17(A) | 58477068 |
| B | Total Expenditure | | 222373258 |
| C=A-B | Gross Surplus/ Deficit of income over Expenditure | | -44,742,213.32 |
| 190000000 | Prior Period income | I-19 | -284,534. |
| 290000000 | Prior period expense | I-18 | 462460 |
| D | Net Difference | I-19 - I-18 | -746,994.0 |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items. | | -44,564,287.32 |
| 280000000 | Transfer to Reserve Funds | | |
| | Net Balance being surplus / deficit carried over to Balance sheet (Panchayat Fund) | | |

Pappinissery GramaPanchayat

BALANCE SHEET As on 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| 310000000 | Panchayat (General) Fund | B-1 | -15,591,887.32 |
| 311000000 | Earmarked Funds | B-2 | 78139 |
| 312000000 | Reserves | B-3 | 50474880 |
| 320000000 | Grants, Funds and Contributions for specific purposes | B-4 | 10125316 |
| 330000000 | Secured Loans | B-5 | 0 |
| 331000000 | Unsecured Loans | B-6 | 0 |
| 340000000 | Deposits Received | B-7 | 7538586 |
| 341000000 | Deposit works | B-8 | 0 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 13203363 |
| 360000000 | Provisions | B-10 | 0 |
| | Total : | | 65828397 |
| 410000000 | Fixed Assets | B-11 | 0 |
| 412000000 | Capital Work-in-Progress | B-11(b) | 11763772 |
| 413000000 | Annual Plan - Capital Expences (Productive Sector) | B-11(c) | 1039576 |
| 414000000 | Annual Plan - Capital Expences (Service Sector) | B-11(d) | 14868581 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B-11(e) | 76251549 |
| 416000000 | Accumulated Depreciation | B-11(a) | -94191696 |
| 420000000 | Investment –General Fund | B-12 | 40000 |
| 421000000 | Sundry Debtors # | B-13 | 0 |
| 430000000 | Stock in Hand (Inventories) | B-14 | 0 |
| 431000000 | Sundry Debtors (Receivables) | B-15 | 7978768 |
| 432000000 | Accumulated provision against bad and doubtful (Receivables) | B-15(a) | 0 |
| 440000000 | Pre-paid Expenses | B-16 | 0 |
| 450000000 | Cash and Bank Balance | B-17 | 46592607 |
| 460000000 | Loans, advances and deposits | B-18 | 1485240 |
| 461000000 | Accumulated provision against Loans, Advances and Deposits | B-18(a) | 0 |
| 470000000 | Other Assets | B-19 | 0 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0 |
| | Total : | | 65828397 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.